കർശനമായ നിർദ്ദേശം ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ നൽകിയിട്ടുണ്ട്.

IV. ക്രമപ്രശ്നം

മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകൾ പുതുതായി മേശപ്പുറത്ത് വയ്ക്കണമെന്നത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പതിനാലാം കേരള നിയമസഭയുടെ കാലയളവിൽ 13-03-2020, 24-08-2020, 13-01-2021, 22-01-2021 എന്നീ തീയതികളിൽ സഭയുടെ മേശപ്പുറത്ത് വച്ചതും എന്നാൽ 14 ദിവസം സഭ മുൻപാകെ പൂർത്തിയാക്കാൻ സാധിക്കാത്തതുമായ വിജ്ഞാപനങ്ങൾ മുഖ്യമന്ത്രിയുൾപ്പെടെ എല്ലാ മന്ത്രിമാരും ഇന്ന് വീണ്ടും സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണെന്ന് ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ കാണിച്ചിട്ടുണ്ട്. 03-05-2021-ൽ 14-ാം കേരള നിയമസഭ പിരിച്ചുവിട്ടതോടുകൂടി പ്രസ്തുത നിയമസഭയിൽ മേശപ്പുറത്ത് വച്ചതും, നിശ്ചിത കാലാവധി പൂർത്തിയാക്കാൻ സാധിക്കാതിരുന്നതുമായ വിജ്ഞാപനങ്ങൾ വീണ്ടും സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ, അതായത് റീ-ലേ ചെയ്യാൻ പാടില്ല, പകരം മേശപ്പുറത്ത് പുതിയതായി ലേ ചെയ്യുകയാണ് വേണ്ടത്. I invite the attention of this august House to S. L. Shakdher and M. N. Kaul. S. L. Shakdher and M. N. Kaul

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നത്, '..dissolution " passes a sponge over the parliamentary slate" . No part of the records of the dissolved House can be carried over and transcribed into the records or registers of the new House. In short, dissolution draws the final curtain upon the existing House'. എന്നിട്ട് വളരെ വ്യക്തമായി മറ്റൊരു ഭാഗത്ത് പറയുന്നുണ്ട്, ' Where the 'orders' are laid on the table for an incomplete period during a session of the Lok Sabha and thereafter the House is dissolved, they are required to be laid afresh (not re-laid) for the complete period during the first session of the new Lok Sabha'. കേരള നിയമസഭയിലും മുൻകാലങ്ങളിൽ ഈ നടപടിക്രമങ്ങൾ തന്നെയാണ് പാലിച്ചിട്ടുള്ളത്. പ്രസ്തുത സാഹചര്യത്തിൽ ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ വന്നിട്ടുള്ള പിശക് തിരുത്തണമെന്നും വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നതായി കാണിച്ചിട്ടുള്ള വിജ്ഞാപനങ്ങൾ ബന്ധപ്പെട്ട മന്ത്രിമാർ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന പേപ്പറുകളുടെ കൂടെ ഉൾപ്പെടുത്തണമെന്നും സഭയിൽ ഉന്നയിക്കുകയാണ്. ഇല്ലെങ്കിൽ അതിന് വാലിഡിറ്റിയുണ്ടാകില്ല. കാരണം dissolution നടത്തി സഭയിൽ വച്ചിരിക്കുന്നത് റീ-ലേ ചെയ്യാൻ അനുവദിക്കുന്നില്ല. അതുകൊണ്ട് അത് പുതിയതായി ലേ ചെയ്യണം. പേപ്പർ വയ്ക്കേണ്ട എന്നൊന്നും

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ പറയില്ല. ഇത് ലീഗലായിട്ടുള്ള ഒബ്ജക്ഷനാണ്, പുതിയതായി മേശപ്പുറത്ത് വയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റൂളിംഗ്

മി. സ്പീക്കർ: ഓർഡർ.....ഓർഡർ..... ഇന്ന് സഭയുടെ മേശപ്പുറത്തുവയ്ക്കുന്ന രേഖകളിലെ ഏതാനും ചില രേഖകൾ വീണ്ടും മേശപ്പുറത്ത് വയ്ക്കുന്നതായി പരാമർശിച്ചിട്ടുള്ളതായും ഇത് പാർലമെന്റിലെയും നമ്മുടെ സഭയുടെയും കീഴ്വഴക്കത്തിന് വിരുദ്ധമാണെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ചെയർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 166 (2) പ്രകാരം 'നിർദ്ദിഷ്ട കാലാവധി അപ്രകാരം (14 ദിവസം) പൂർത്തിയാക്കാത്ത പക്ഷം റെഗുലേഷനുകൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, ബൈലാകൾ മുതലായവ പ്രസ്തുത കാലയളവ് പൂർത്തിയാകുന്നതുവരെ തൊട്ടടുത്ത സമ്മേളനത്തിലോ സമ്മേളനങ്ങളിലോ വീണ്ടും വയ്ക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ S. L. Shakdher and M. N. Kaul പറയുന്നത് , ' Where the 'orders' are laid on the Table for

LIBRARY ARCHIVES Kerala Legislative Assembly